സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

തീയതി: 10.04.2024

നമ്പർ. EG1/35573/23/ഡി.ടി.ഇ

**സർക്കുലർ**

വിഷയം:- വിദ്യാഭ്യാസം-സാങ്കേതികം-സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്- എസ്റ്റാബ്ലിഷ്മെൻറ് (ഗ്രഡേഷൻ)- ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ട് തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനം- കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നത്-സംബന്ധിച്ച്

സൂചന :- ഈ ഓഫീസിലെ 22.03.2024 ലെ ഇതേ നമ്പർ ഉത്തരവ്

ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ട് തസ്തികയിലേക്ക് തസ്തിക മാറ്റ നിയമനം നടത്തുന്നതിന് വകുപ്പ് തല പ്രൊമോഷൻ കമ്മിറ്റിക്ക് മുമ്പാകെ സമർപ്പിക്കുന്ന ഫീൽഡ് ഓഫ് ചോയിസിൽ ഉൾപ്പെട്ടവരിൽ ഇനിയും സിആർ സമർപ്പിക്കാത്തവരായി കാണുന്ന (01.01.2021 മുതൽ 31.03.2024,) വരെയുള്ള കോൺഫിഡഷ്യൽ റിപ്പോർട്ടുകൾ (സെൽഫ് അസ്സെസ്സ്മെന്റ് സഹിതം) , യോഗ്യത നേടിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പ്, നിലവിലെ തസ്തികയിൽ നിരീക്ഷണകാലം പൂർത്തീകരിച്ച ഉത്തരവിൻറെ പകർപ്പ് എന്നിവ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും വാങ്ങി സ്ഥാപനമേധാവികൾ ഈ സർക്കുലർ പ്രസിദ്ധീകരിച്ച തീയതി മുതൽ 10 ദിവസത്തിനുള്ളിൽ ഈ ഓഫീസിൽ സമർപ്പിക്കണമെന്ന് അറിയിക്കുന്നു. മേൽ സൂചിപ്പിച്ച കാലയളവിലെ കോൺഫിഡഷ്യൽ റിപ്പോർട്ടുകൾ നേരത്തെ സമർപ്പിച്ചിട്ടുള്ളവർ നൽകേണ്ടതില്ല.

കോൺഫിഡഷ്യൽ റിപ്പോർട്ടുകൾ സമയബന്ധിതമായും തെറ്റ് കൂടാതെയും സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്നത് കാരണം വകുപ്പ് തല പ്രമോഷന് കമ്മിറ്റി കൂടുന്നതിന് കാല താമസം നേരിടുന്നുണ്ട് . സിആർ തെറ്റ് കൂടാതെ സമയബന്ധിതമായി സമർപ്പിക്കേണ്ടതാണ് .

മേൽ വിവരിച്ച സാഹചര്യത്തിൽ 2021 മുതൽ 2022 വരെ സിആർ ഫിസിക്കലായും 2023 മുതൽ SCORE മുഖേനയും സമർപ്പിച്ചിട്ടില്ലാത്തവർ 12.04.2024 ന മുൻപായി അവ സമർപ്പിക്കേണ്ടതാണ് എന്ന് കർശനമായി നിർദേശിക്കുന്നു .

ഫീൽഡ് ഓഫ് ചോയിസിൽ ഉൾപ്പെട്ട ജീവനക്കാർ ആരെങ്കിലും കോൺഫിഡഷ്യൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലായെങ്കിൽ ആ വിവരം ബന്ധപ്പെട്ട സ്ഥാപനമേധാവി ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. കൂടാതെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരിൽ ആരെങ്കിലും പ്രസ്തുത തസ്തിക താൽകാലികമായോ സ്ഥിരമായോ പരിത്യജിക്കുന്നെണ്ടെങ്കിൽ ചട്ട പ്രകാരം അപേക്ഷ സമർപ്പിക്കേണ്ടതും അതിൻറെ അസ്സൽ പകർപ്പ് സ്ഥാപനമേധാവി മുഖേന അടിയന്തിരമായി ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്.ഈ സർക്കുലർ പ്രകാരമുള്ള വിവരങ്ങൾ ബന്ധപ്പെട്ട ജീവനക്കാരെ അറിയിക്കുവാൻ എല്ലാ സ്ഥാപനമേധാവികളെയും ഇതിനാൽ ചുമതലപ്പെടുത്തുന്നു.

സുനിൽ കുമാർ സി വി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്

ബന്ധപ്പെട്ട എല്ലാ സ്ഥാപന മേധാവികൾക്കും,ജീവനക്കാർക്കും www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖേന.

Approval Valid

Draft #20 of File EG1/35573/23/DTE Approved by Senior Administrative Officer on 10-Apr-2024 02:17 PM - Page 1

Digitally Approved By
സുനിൽ കുമാർ സി വി
Date: 10.04.2024
Reason: Approved

Draft #20 of File EG1/35573/23/DTE Approved by Senior Administrative Officer on 10-Apr-2024 02:17 PM - Page 2

The document is digitally approved. Hence signature is not needed.